# കേരള കാർഷിക സർവകലാശാല വാർത്തകൾ

## (സെപ്തംബർ 21 – 27, 2018)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651
e-mail: ccmannuthy@kau.in, Phone:0487-2370773)

No. C3/4/2018 - 39 Dt. 19.09.2018

ഈയാഴ്ചത്തെ വിളപരിപാലന നിർദ്ദേശങ്ങൾ

കേരളത്തെ ബാധിച്ച സമാനതകളില്ലാത്ത പ്രളയം കാർഷിക മേഖലയെ സാരമായി ബാധിക്കുകയുണ്ടായി. മധ്യകേരളത്തിലെ തോട്ടവിളകൾക്കും സുഗന്ധവിളകൾക്കും പ്രളയം മൂലമുണ്ടായ വെള്ളക്കെട്ട് വൻതോതിൽ നാശനഷ്ടം വിതച്ചിട്ടുട്ട്. പ്രളയ ബാധിത പ്രദേശങ്ങളിലെ തെങ്ങിൻ തോട്ടങ്ങളിൽ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

തെങ്ങിന് കൂമ്പ് ചീയൽരോഗം രൂക്ഷമായി വരാൻ സാധ്യതയുണ്ട്. രോഗം ബാധിച്ച തെങ്ങുകൾ വൃത്തിയാക്കിയതിനുശേഷം 100% വീര്യമുള്ള ബോർഡോ മിശ്രിതം പുരട്ടണം. 0.1 ശതമാനം വീര്യത്തിൽ തളിച്ച് കൊടുക്കുകയും വേണം. ഇലകരിച്ചിൽ, കമുകിന്റെ മഹാളി, തേങ്ങ പൊഴിച്ചിൽ തുടങ്ങിയ കുമിൾകൊണ്ട് ഉണ്ടാകുന്ന രോഗങ്ങൾക്കെല്ലാം 10 ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുന്നത് ഫലപ്രദമാണ്.

പ്രളയ ബാധിതമല്ലാത്ത മേഖലകളിൽ സാധാരണ കൃഷിവിളകൾക്ക് താഴെ പറയുന്ന കാർഷിക വിധികൾ പാലിക്കേണ്ടതാണ്.

നെല്ലിലെ ബാക്ടീരിയൽ ഇല കരിച്ചിലിന് മുൻകരുതലായി പച്ച ചാണകം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിക്കാവുന്നതാണ്. 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 20 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ചാൽ ഈ രോഗത്തിനെ ഒരു പരിധി വരെ നിയന്ത്രിക്കാം.

തൂലാ വർഷത്തിനു മുൻപ് തെങ്ങിൻ തോട്ടം കിളയ്ക്കുകയോ, ഉഴുകയോ ചെയ്യുകയാണെങ്കിൽ കളകളേയും, വേരുതീനിപ്പുഴുക്കളേയും നിയന്ത്രിക്കാനും, തുലാമഴയിൽ നിന്നുള്ള വെള്ളം മണ്ണിലിറങ്ങുന്നതിനും വായു സഞ്ചാരം ഉണ്ടാകുന്ന തിനും നല്ലതാണ്. മണ്ണിൽ നനവുള്ളതുകൊണ്ട് രണ്ടാം ഗഡു രാസവളം ഇപ്പോൾ ചേർക്കാം. പല കർഷകരും ഒറ്റത്തവണ മാത്രമെ വളം ചേർത്തു കാണുന്നുള്ളു. എന്നാൽ വർഷത്തിൽ രണ്ടു തവണയെങ്കിലും തെങ്ങിന് വളം ചെയ്തിരിക്കണം. നനയ്ക്കാൻ സൗകര്യമുള്ള തെങ്ങിൻ തോപ്പുകളിൽ മൂന്ന് നാല് തവണകളിലായി വളം ചെയ്യുന്നതാണ് ഏറ്റവും നല്ലത്.

തെങ്ങിൽ ചെമ്പൻ ചെല്ലിയുടെ ഉപദ്രവം കൂടുതലായി കണ്ടു വരുന്നു. തെങ്ങിൻ തടിയിൽ ദ്വാരങ്ങളും , അതിലൂടെ തവിട്ടു നിറത്തിലുള്ള ദ്രാവകവും , ചെല്ലി ചവച്ച നാരുകളും ചണ്ടിയും മറ്റും പുറത്തേയ്ക്ക് വരുന്നത് കണ്ടാൽ ശ്രദ്ധിക്കണം. ഓലയുടെ കടഭാഗം നെടുകെ പിളരുക, നടുനാമ്പ് വാടിപ്പോവുക എന്നിവയാണ് മറ്റു ലക്ഷണങ്ങൾ. തോട്ടം വൃത്തിയായി സൂക്ഷിക്കുകയാണ് ആദ്യം വേണ്ടത്. തെങ്ങിൽ ഏതെങ്കിലും വിധത്തിൽ മുറിവുണ്ടാകുന്നത് തടയണം. ആക്രമണമുള്ള തെങ്ങിന്റെ ദ്വാരങ്ങൾ കണ്ടു പിടിച്ച് ഏറ്റവും മുകളിലത്തെ ദ്വാരമൊഴികെ ബാക്കിയെല്ലാം അടച്ച ശേഷം മുകളിലെ ദ്വാരത്തിൽ കൂടി ചോർപ്പുപയോഗിച്ച് 1% വീര്യമുള്ള കാർബാറിൽ അല്ലെങ്കിൽ ഡൈക്ലോറോവോസ് ഒരു ലിറ്റർ എന്ന തോതിൽ ഒഴിച്ചു

കൊടുക്കണം. ഫെറമോൺ കെണി ഉപയോഗിച്ചും ചെമ്പൻ ചെല്ലിയെ നിയന്ത്രിക്കാം. വിദഗ്ദരുടെ ഉപദേശമനുസരിച്ച് വേണം ഫെറമോൺ കെണി ഉപയോഗിക്കുവാൻ.

തെങ്ങിലെ വെള്ളീച്ചയെ നിയന്ത്രിക്കാനായി 2% വീര്യമുളള വേപ്പെണ്ണ എമൾഷൻ തയ്യാറാക്കിയതിലേക്ക് 20 ഗ്രാം ലെക്കാനിസീലിയം എന്ന മിത്രകുമിൾ ചേർത്ത് നന്നായി കലക്കി ഇലകളുടെ അടിവശത്ത് പതിയത്തക്കവിധം തളിച്ച് കൊടുക്കുക.

കഴിഞ്ഞ മാസം വളം നൽകാത്ത കമുകൾക്ക് ഈ മാസം ഒന്നാം ഗഡു രാസ വളം ചേർക്കാം. കാലവർഷം അവസാനിക്കുന്നതോടെ കിളച്ചോ കൊത്തിയോ തോട്ട ത്തിലെ മണ്ണ് ഇളക്കണം. മണൽ പ്രദേശങ്ങളിൽ ഈ കിള കൊണ്ട് വേരുതീനിപ്പുഴു ക്കൾ പുറത്തു വരികയും കാക്കകൾ കൊത്തി അവയെ നിയന്ത്രിക്കുകയും ചെയ്യും. ചാലുകൾ വൃത്തിയാക്കി നീർവാർച്ച മെച്ചപ്പെടുത്തണം. വെളിച്ചം കുറവുള്ള തോട്ടങ്ങ ളിൽ റോബസ്റ്റയോ, ഞാലിപ്പൂവനോ, പാളയൻ കോടനോ ഇടവിളയായി നടാവുന്നതാ ണ്.

കുരുമുളകിൽ ദ്രുതവാട്ട രോഗം കാണാനിടയുണ്ട്. രണ്ടു കിലോ ട്രൈക്കോഡർമ്മ 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. രോഗം കൂടുന്ന പക്ഷം 1 % വീര്യമുള്ള ബോർഡോ മിശ്രിതമോ അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഫ്ളൂറസൻസ് അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് മണ്ണു കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുകയും ചെടിയിൽ തളിച്ചു കൊടുക്കുകയും ചെയ്യുക.

കശുമാവ് തളിരിട്ട് തുടങ്ങുന്ന സമയമാണിപ്പോൾ. ഈ സമയത്താണ് തേയില ക്കൊതുകിന്റെ ഉപദ്രവം ആരംഭിക്കുന്നത്. ആന്ത്രാക്നോസ് എന്ന രോഗം കൂടി ബാധിച്ചാൽ ഇളം തണ്ടുകളും തളിരിലകളും , പൂങ്കുലയും കരിഞ്ഞ് പോകുന്നതായി കാണാം. ഈ കുമിളിന്റെ വിത്തുകൾ തണ്ടിൽ പ്രവേശിച്ചു കഴിഞ്ഞാൽ ആ ഭാഗത്ത് കടും തവിട്ടു നിറത്തിൽ പാടുകൾ ഉണ്ടാകും. ഈ പാടിൽ നിന്നും ഒരു ദ്രാവകം ഒലിച്ചിറങ്ങുന്നു. പിന്നീടത് ഉണങ്ങി തിളങ്ങുന്ന കട്ടയാകുന്നു. ക്രമേണ തണ്ട് ഉണങ്ങും. കശുമാവ് തളിരിടുന്ന സെപ്തംബർ - ഒക്ടോബർ മാസങ്ങളിൽ തേയില ക്കൊതുകിനെ നിയന്ത്രിക്കുന്നതിന് വേപ്പെണ്ണ മിശ്രിതം (അഞ്ചു മി.ലി, വേപ്പെണ്ണ 5 ഗ്രാം ബാർസോപ്പും ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് നല്ലപോലെ അടിച്ച് ചേർത്ത്) അല്ലെങ്കിൽ 5% വീര്യമുള്ള വേപ്പിൻകുരു സത്ത് തളിക്കുക. ആന്ത്രാക്നോസ് രോഗം നിയന്ത്രിക്കാൻ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കേണ്ടതാണ്.

കുലവെട്ടിക്കഴിഞ്ഞ രോഗബാധയില്ലാത്ത നേന്ത്രവാഴകളിൽ നിന്ന് ആരോഗ്യ മുള്ള കന്നുകൾ ഇളക്കി ചാണകവും ചാരവും ചേർത്ത കുഴമ്പിൽ മുക്കി 3-4 ദിവസം വെയിലത്ത് ഉണക്കി പിന്നീട് തണലിൽ സൂക്ഷിക്കാവുന്നതാണ്.

<u>അറിയിപ്പ്</u>

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കാർഷിക സർവ്വക ലാശാലയുടെ ത്രൈമാസികയായ കല്പധേനുവും വില്പനയ്ക്കുണ്ട്. ഈ ത്രൈമാസി കയുടെ വരിക്കാർ ആവാൻ താൽപര്യമുള്ളവർ 0487-2370773 എന്ന നമ്പറിൽ ബന്ധപ്പെ ടേണ്ടതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കോഴിവളർത്തൽ എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 500/- രൂപ രജിസ്ട്രേഷൻ ഫീസോടെ 2018 സെപ്റ്റംബർ 26 ന് നടത്തുന്ന പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 0487 –2370773 , 9010929419 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കൂൺ കൃഷി എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 500/- രൂപ രജിസ്ട്രേഷൻ ഫീസോടെ 2018 സെപ്റ്റംബർ 29 ന് നടത്തുന്ന പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 0487 –2370773 , 9010929419 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

ഒപ്പ്
പ്രൊഫസർ & ഹെഡ്

കമ്മ്യൂണിക്കേഷൻ സെന്റർ